# DUAH REVEALED TO THE KHALIFATHULLAH
## Munir Ahmad Azim (ATBA)

**Thursday 16 March 2017 at 4.30 p.m.**

## ഖലീഫത്തുല്ലാഹ്ക്ക് വെളിപാടിലൂടെ ലഭിച്ച ഫ്രഞ്ച് ഭാഷയിലെ ദുആ മലയാളത്തിൽ
(2017 മാർച്ച് 16 വ്യാഴാഴ്ച 4.35 ന് ലഭിച്ചത്)

അല്ലാഹുവിന്റെ ഖലീഫയെ തമ്പുരാനെ, നീ ശക്തിപ്പെടുത്തേണമെ ! അമീറുൽ മുഅ്മിനീനെ (മുനീർ അഹ്മദ് അസീം) നീ ശക്തതിപ്പെടുത്തേണമെ ! നിന്റെ പ്രതാപ സഹായത്താലും, നിന്റെ റൂഹുൽഖുദ്സിനാലും എല്ലാവിധ അനർത്ഥങ്ങളിൽ നിന്നും നീ അദ്ദേഹത്തെ കാത്തു സൂക്ഷിക്കേണമെ ! പ്രാർത്ഥന സ്വീകരിച്ചാലും !

(2017 മാർച്ച് 16, 4.10 നും 4.35 നുമിടയിൽ ലഭിച്ചത്)

എന്റെ റബ്ബ് ഈ അതിശയകരമായ ദുആ എനിക്ക് വെളിപാടായി നല്കിയിരിക്കുന്നു. വ്യർത്ഥമായ സംസാരങ്ങളും, അസൂയയും, ശത്രുതയും, വെറുപ്പും എങ്ങും വെളിപ്പെട്ടിരിക്കുന്നു. അനേകം പ്രസംഗങ്ങളിലൂടെ എല്ലാ വിശ്വാസികളെയും ഉണർത്തി എങ്കിലും അതായത് നിങ്ങൾ സമാധാനത്തിൽ ജീവിക്കണം, സമാധാനം പ്രബോധിക്കണം, നിങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കരുത്, അല്ലാഹുവിന്റെ ഖലീഫയ്കക്ക് നിങ്ങൾ ബുദ്ധിമുട്ടുണ്ടാക്കരുത്. (ഇത് പല പ്രാവശ്യം ഉപദേശിച്ചതാണ്) എന്നാൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത് അല്ലാഹു അല്പം പോലും ഇഷ്ടപ്പെടുന്നില്ല. 4.10 p.m. നും 4.25 p.m. നും (2017 മാർച്ച് 16) ഇടയിൽ അല്ലാഹു (ത) ഇതു സംബന്ധമായി, ഈ സന്ദേശം, എനിക്ക് നല്കുകയുണ്ടായി. അല്ലാഹുവിന്റെ ഖലീഫയ്ക്കു ഒരു ആദരവും നല്കാത്തവർ അവർ അദ്ദേഹത്തെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന് അനേകം ജോലികൾ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. അദ്ദേഹത്തെ സഹായിക്കുന്നതിനു പകരം, അങ്ങനെ സഹായിച്ചാൽ നിങ്ങൾക്ക് നിങ്ങൾ ചെയ്യുന്ന പ്രവർത്തിയുടെ പ്രതിഫലം ലഭിക്കുന്നതാണ്, അതുപോലെ നിങ്ങൾക്ക് അല്ലാഹുവിന്റെ തൃപ്തിയും ലഭിക്കുന്നതാണ്. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും നിങ്ങൾ അല്ലാഹുവിന്റെ ക്രോധം നിങ്ങളുടെ മേൽ ക്ഷണിച്ചുവരുത്തുകയാണ് അല്ലാഹു നിങ്ങളെ ശപിക്കാതിരിക്കുവാനും, നിങ്ങളെ

ദൈവീകദൃഷ്ടാന്ത പേടകത്തിൽ നിന്നും നീക്കം ചെയ്യാതിരിക്കുവാനും ജാഗ്രത പാലിക്കുക ! മറ്റുള്ളവർ ചെയ്യുന്നതിലേക്ക് നിങ്ങൾ നോക്കണ്ടാ ! അവരിൽ നിങ്ങൾ അസൂയാലുക്കളാകരുത്. അവരെ വിടുക, അവർ അവരുടെ ജീവതം നയിക്കട്ടെ, അവർ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം അവർ ഏറ്റെടുക്കട്ടെ !

നിങ്ങളുടെ പ്രവർത്തികളിലൂടെ നിങ്ങൾ ചെയ്യുന്നതിന്റെയെല്ലാം കണക്ക് നിങ്ങൾ ഏറ്റെടുക്കുക(ഗാഢമായി ചിന്തിക്കുക) അല്ലാഹു നിങ്ങളിൽ സംതൃപ്തനാണോ? അതോ അല്ലയോ ? അതോ നിങ്ങളുടെ പ്രവർത്തനങ്ങളിലൂടെ നിങ്ങൾ അല്ലാഹുവിന്റെ ക്രോധം നിങ്ങളിലേക്ക് ആകർഷിക്കുകയാണോ ചെയ്യുന്നത്?. അല്ലാഹുവിന്റെ ഖലീഫയെ വിഷമവൃത്തിലാക്കുന്നതിലൂടെ ! ഒരു വ്യക്തിയുടെ സ്വകാര്യത, അത് അവനു മാത്രമുള്ളതാണ്. അവന്റെ അഥവാ അവളുടെ സ്വകാര്യജീവിതത്തിലേക്ക് നിങ്ങൾ തലയിടേണ്ട ആവശ്യമില്ല (ഈ വെളിപാട് ക്രയോൾ ഭാഷയിലാണ് ലഭിച്ചത്)

**മുനീർ അഹ്മദ് അസീം**
ഖലീഫത്തുല്ലാഹ്
ജമാഅത്ത് സ്സഹീഹിൽ ഇസ്ലാം
29 മാർച്ച് 2017

**Translated by:**
**R. Jamaluddin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**